# കേരളസർവകലാശാല

നം.പി.ആർ.191/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2021
### സപ്ലിമെന്ററി അലോട്ട്മെന്റിന് വേണ്ടി പുതിയ ഓപ്ഷനുകൾ നൽകുന്നതിനും, ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും, സേ പരീക്ഷ എഴുതി വിജയിച്ച വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും അവസരം

2021 ൽ പ്ലസ്ടു സേ പരീക്ഷ എഴുതി വിജയിച്ച വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ യു.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് സെപ്റ്റംബർ 25 മുതൽ 29 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള, എല്ലാവർക്കും ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുന്നതിന് സെപ്റ്റംബർ 25 മുതൽ 29 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കാനും, റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക് തുടങ്ങി മാർക്കുകളിലെ തിരുത്തലുകൾ, കാറ്റഗറി മാറ്റം തുടങ്ങി ഏതെങ്കിലും തിരുത്തലുകൾ വരുത്തുവാൻ ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. മറ്റ് തിരുത്തലുകൾക്ക് പ്രൊഫൈലിലെ ഫോറം ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്ക് സെപ്റ്റംബർ 29 വരെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അപേക്ഷിക്കാവുന്നതാണ്. ഈ വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ആവശ്യമെങ്കിൽ ഓപ്ഷനുകളിൽ മാറ്റം വരുത്താവുന്നതാണ്.

വിദ്യാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ പുതിയ ഓപ്ഷനുകൾ നൽകുകയാണെങ്കിൽ, പുതുക്കിയ ഓപ്ഷനുകൾ മാത്രമേ സപ്ലിമെന്ററി_അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുളളൂ.

സർവകലാശാലയിൽ തിരുത്തൽ, Reconsider എന്നിവയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സ്വമേധയാ തന്നെ അവ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**ഒന്നാം വർഷ ബിരുദ പ്രവേശനം 2021**
**സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**
**കൗൺസിലിങ് സെപ്റ്റംബർ 28 ന്.**

കേരളസർവകലാശാലയിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള കൗൺസിലിംഗ് സെപ്റ്റംബർ 28 ന് നടത്തുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ സെപ്റ്റംബർ 28 ന് രാവിലെ 10.30ന് അതാത് കോളേജുകളിൽ ഹാജരായിരിക്കണം.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ട് എത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

വിദ്യാർത്ഥികൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫിക്കേഷൻ നടത്തിയാണ് സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് തയാറാക്കിയിരിക്കുന്നത്. ഒറിജിനൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ അതാത് കോളേജുകളിൽ നടത്തുന്നതാണ്. സർട്ടിഫിക്കറ്റിൽ എന്തെങ്കിലും തെറ്റു കുറ്റങ്ങൾ ഉണ്ടെങ്കിൽ അഡ്മിഷൻ നിരസിക്കുന്നതാണ്. പ്രൊഫൈലിൽ ചേർത്തിട്ടില്ലാത്ത യാതൊരു സർട്ടിഫിക്കറ്റുകളും പരിഗണിക്കുന്നതല്ല. റാങ്ക് ലിസ്റ്റിൽ യാതൊരു വിധ മാറ്റവും അനുവദിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. Temporary (താത്കാലിക) അഡ്മിഷൻ സ്പോർട്സ് ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

## ബിരുദ പ്രവേശനം 2021
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കാനുളള അവസാന തീയതി സെപ്റ്റംബർ 29

കേരളസർവകലാശാല എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി സെപ്റ്റംബർ 29 വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുളളവർക്ക് മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുളളൂ. വിദ്യാർത്ഥികൾ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താൽപര്യമുളള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകേണ്ടതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷനായി കാണിക്കുകയുളളൂ. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക. പ്രിന്റൗട്ടിന്റെ പകർപ്പ് കോളേജിലേക്കോ സർവ്വകലാശാലയിലേക്കോ അയയ്ക്കേണ്ടതില്ല. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2020 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. ഹിസ്റ്ററി 2017 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷയുടേയും, 2018 അഡ്മിഷൻ റെഗുലർ പരീക്ഷയുടേയും ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 28 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ മാർച്ച് 2021 ൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി സെപ്റ്റംബർ 24 മുതൽ 30 വരെയുളള പ്രവൃത്തി ദിനങ്ങളിൽ ബി.എ. റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ V– അഞ്ച്) ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (2018 സ്കീം – റെഗുലർ, സപ്ലിമെന്ററി), (2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 29 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 4 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി. നൽകി

ഗോവിന്ദ് എം.ജി. (ബോട്ടണി), വിനീത വി., സജിൽ സി.കെ. (കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ്), ലക്ഷ്മി വി., പ്രീത കൃഷ്ണ എൽ. (എഡ്യൂക്കേഷൻ), നായർ ശ്രീച ചന്ദ്രൻ, രശ്മി എസ്., വിദ്യാ സാബു (ബയോടെക്നോളജി), കവിത ചന്ദ്രൻ സി (നഴ്സിംഗ്), രാമു ആർ, എസ്.വിശ്വനാഥ റാവു (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), സുചിത്ര വി.ജി., അശ്വതി ബി.എ., അമ്പിളി എസ്., ജാൻസി ജോൺ (ഫിസിക്സ്), താജി ജി.ബി. (ലോ), ശ്രീജ ജെ., ഷജീന എസ്. (സംസ്കൃതം), അജയ് പി കൃഷ്ണ (ഫിസിക്കൽ എഡ്യൂക്കേഷൻ), അമിഷ ആന്റണി (മാനേജ്മെന്റ് സ്റ്റഡീസ്), ഷിനി എസ്., വിനോദ് വി., ബവഴറാണി പി., ജാസ്മിൻ ഷൈനി ജി. (തമിഴ്), നൂർജഹാൻ എൻ. (മലയാളം), രമ്യ ദേവി ജി.എസ്. (സുവോളജി), അപ്രേഷ്ജി കെ.പി. (അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്), സയിദ എം.കെ. (സിവിൽ എഞ്ചിനീയറിംഗ്), വിജി വിജയൻ, സിന്ധു പി., ശോഭ എസ് നായർ (ഇംഗ്ലീഷ്), കാർമൽ തോമസ്, അഖിൽ വി. (കൊമേഴ്സ്), എം.സംഗീത (ഹിന്ദി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
23.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**